ഉത്തരം

(എ) ഉണ്ട്.

(ബി) പരാതി ലഭിച്ചിട്ടുണ്ട്. അതിനേപ്പറ്റി അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്;

(സി) അപ്രകാരം ഒരു പരാതി ഗവൺമെൻറിനു ലഭിച്ചിട്ടില്ല.

(ഡി) ഇപ്പോഴത്തെ അന്വേഷണ റിപ്പോർട്ട് ലഭിച്ചശേഷം യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

നാണുക്കുട്ടി എന്ന ഹരിജൻ സ്ത്രീ നൽകിയ പരാതി

1196. [1632] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കലഞ്ഞൂർ പഞ്ചായത്തിലെ പോത്തുപാറ ചരുവിള വീട്ടിൽ നാണുക്കുട്ടി എന്ന ഹരിജൻ സ്ത്രീ ഇക്കഴിഞ്ഞ മാർച്ചുമാസത്തിൽ നൽകിയിട്ടുള്ള പരാതി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പരാതിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെന്തെല്ലാമാണെന്നു വ്യക്തമാക്കുമോ ;

(സി) പരാതിക്ക് ആസ്പദമായ സംഭവവുമായി ബന്ധപ്പെട്ട് ഏതെങ്കിലും കേസ് ഇന്നു കോടതിയിലുണ്ടോ ;

(ഡി) എങ്കിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നതെന്നും പ്രതികൾ ആരൊക്കെയെന്നും വ്യക്തമാക്കുമോ ;

(ഇ) ഹരിജൻ സ്ത്രീയുടെ ഭൂമി കൈയ്യേറി അവരെ ഭീഷണിപ്പെടുത്തുന്ന അക്രമികളിൽനിന്നും മേലിൽ അക്രമപ്രവർത്തനങ്ങളുണ്ടാകാതിരിക്കുവാനുള്ള കർശന നടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം

(എ) മേയ് മാസത്തിൽ നൽകിയ ഒരു പരാതി ലഭിച്ചിട്ടുണ്ട്.

(ബി, സി, ഡി) കോടതിയിൽ കേസില്ല. പരാതി ക്രൈം 76/85 നമ്പരായി കോന്നി പോലീസ് അന്വേഷണത്തിലുള്ളതിനാൽ കൂടുതൽ വിവരം പറയാനാവില്ല.

(ഇ) ശക്തമായ കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സുജാതയുടെ സംശയകരമായ മരണം

1197. [1633] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ല ഏറനാട് താലൂക്ക് മലപ്പുറം അംശം ദേശത്ത് ചൂരനാട് ദാമോദരൻ എന്നയാളുടെ മകൾ സുജാതയുടെ സംശയകരമായ മരണം സംബന്ധിച്ച് പോലീസ് അന്വേഷണം നടക്കുന്നുണ്ടോ ;

(ബി) അന്വേഷണം ക്രൈം ബ്രാഞ്ചിന് വിടണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. ദാമോദരനിൽനിന്നും ഗവൺമെൻറിന് 18-6-1985-ൽ നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിലതിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly